## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5104

22 .05.2017-ൽ
മറുപടിയ്ക്ക്

## പാങ്ങപ്പാറ വില്ലേജിലെ വസ്തുകരം കുടിശ്ശിക

| ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) തിരുവനന്തപുരം താലൂക്കിൽ പാങ്ങപ്പാറ വില്ലേജിൽ വർഷങ്ങളായി കരം ഒടുക്കാത്ത എത്ര ഭൂമിയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ; | (എ) കണക്കാക്കിയിട്ടില്ല. |
| (ബി) പ്രസ്തുത ഭൂ ഉടമകളിൽ കുടിശ്ശിക കരം ഒടുക്കുവാൻ അനുമതി നല്കണമെന്ന് അപേക്ഷിച്ചിട്ടുള്ളവർ എത്ര പേരുണ്ട്; വിശദാംശം നല്കുമോ;<br>(സി) 2013 ന് ശേഷം ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആരുടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) കുടിശ്ശിക കരം ഒടുക്കുന്നതിന് പ്രത്യേക അപേക്ഷ സ്വീകരിക്കാതെ തന്നെ, കക്ഷി കുടിശ്ശിക കരം ഒടുക്കുവാൻ എത്തുമ്പോൾ ആവശ്യമെങ്കിൽ ബാധ്യതാസർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് നിയമാനുസൃതമായി കരം ഒടുക്കി നൽകി വരുന്നു. |
| (ഡി) പ്രസ്തുത അപേക്ഷകളിന്മേൽ അനുമതി നൽകുന്നതിന് കാലതാമസമെന്തെന്ന് വിശദമാക്കാമോ? | (ഡി) കുടിശ്ശിക കരം ഒടുക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

RG -